**കേൾക്കേണ്ട ശബ്ദം:**
*പല പേരുകളിൽ അറിയപ്പെടുന്ന മരങ്ങളുടെ വേരുകൾ ഭൂമിക്കടിയിൽ പങ്കുവെയ്ക്കുന്ന നിതാന്ത സൗഹൃദം പോലും ആവിഷ്കരിക്കുന്നത് കൂടിച്ചേരലിന്റെ പാഠങ്ങളാണ്.*
-കെ.ഇ.എൻ.

# മക്തബ്

1193 മിഥുനം 25 | 1439 ശവ്വാൽ 25


## ഇങ്ങനെ തന്നെ പിടിമുറുക്കണം

കേരളം സമീപകാലത്ത് കണ്ട ഏറ്റവും ക്രൂരവും നിന്ദ്യവുമായ കൊലപാതകമായിരുന്നു എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥിയും എസ്.എഫ്.ഐ ഇടുക്കി ജില്ലാ കമ്മിറ്റിയംഗവുമായ അഭിമന്യുവിന്റേത്. ഒരുതരത്തിലുമുള്ള കുഴപ്പങ്ങൾക്കും പോകാത്ത ഒരു പാവം വിദ്യാർത്ഥിയെയാണ് അയാളുടെ രാഷ്ട്രീയ നിറം നോക്കി, നിസാരമായ ഒരു ചുവരെഴുത്ത് തർക്കത്തിന്റെ പേരിൽ കൊലപ്പെടുത്തിയത്. ഈ കൊലപാതകത്തെ തുടർന്ന് പോലീസ് ശക്തവും കർശനവുമായ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. പക്ഷെ, ഈ നടപടികൾ കേരളത്തിൽ നടക്കുന്ന മുഴുവൻ രാഷ്ട്രീയ കൊലപാതകങ്ങൾക്കും എതിരെ സ്വീകരിക്കാനുള്ള ഇച്ഛാശക്തി കേരള പോലീസിനുണ്ടാകണം. ഇല്ലെങ്കിൽ അത് ഭരണകക്ഷിയുടെ താൽപ്പര്യത്തിന് അനുസരിച്ചുള്ള രാഷ്ട്രീയ പേക്കൂത്തായി മാറും.

ഓരോ കൊലപാതകവേളയിലും കേരളത്തിലെ പൊതുസമൂഹം പോലീസിന്റെ ഭാഗത്ത് നിന്ന് കർശന നടപടി ആഗ്രഹിച്ചിരുന്നു. എന്നാൽ പോലീസ് എപ്പോഴും രാഷ്ട്രീയ സമ്മർദങ്ങൾക്ക് വഴങ്ങുകയായിരുന്നു. അൽപ്പമെങ്കിലും ഇച്ഛാശക്തി കാണിച്ചത് ആർ.എൻ. രവി കണ്ണൂർ ജില്ലാ പോലീസ് മേധാവിയായിരുന്നപ്പോൾ മാത്രമാണ്. എന്നാൽ അദേഹത്തിന് അത്തരം നടപടികളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ലായെന്നത് വസ്തുതയാണ്. ഇപ്പോൾ സംസ്ഥാന വ്യാപകമായി എസ്.ഡി.പി.ഐ- പോപ്പുലർ ഫ്രണ്ടിന് എതിരെ കർശന നടപടിയെടുക്കാനും അവരുടെ ഓഫീസുകൾ റെയ്ഡ് ചെയ്യാനും തീരുമാനിച്ചിരിക്കുന്നു. എസ്.ഡി.പി.ഐക്കാരുമായി ബന്ധപ്പെട്ട ഏത് സ്ഥാപനവും താമസസ്ഥലവും പരിശോധിക്കാൻ സർക്കാർ ആഭ്യന്തര വകുപ്പിന് നിർദേശം നൽകിയിട്ടുണ്ടത്രെ. ഈ സംഘടനയുടെ സാമ്പത്തിക സ്രോതസും അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്രയും കർശന നടപടികൾ കേരളത്തിലെ ഒരു രാഷ്ട്രീയ കൊലക്കേസിലും സ്വീകരിച്ചിരുന്നില്ല. സ്വീകരിച്ചിരുന്നുവെങ്കിൽ കേരളത്തിലെ രാഷ്ട്രീയ കൊലപാതക പട്ടിക ഇത്രയുമേറെ നീളുമായിരുന്നില്ല. ഏതായാലും ഇനി എല്ലാ രാഷ്ട്രീയ കൊലക്കേസുകളിലും ഇത്തരമൊരു സമീപനം പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

അഭിമന്യുവിന്റെ മാതാപിതാക്കളുടെ നെഞ്ചുപൊട്ടിയുള്ള വിലാപം ഓരോ കേരളീയന്റെയും ഹൃദയത്തെ പിടിച്ചുലക്കുന്നതായിരുന്നു. അദേഹത്തിന്റെ സഹപാഠികളുടെ കണ്ണീർ പൊള്ളലേൽപ്പിക്കാത്ത ഒരു മനസുമുണ്ടാകില്ല. കഴിഞ്ഞ കുറച്ചുകാലത്തിനിടയിൽ നെഞ്ചുപൊട്ടിയുള്ള വിലാപങ്ങൾക്ക് മുന്നിൽ നിസഹായരായി നിൽക്കേണ്ടി വന്നവരാണ് നമ്മൾ. ഒഞ്ചിയത്ത് അഭിനന്ദ് എന്നൊരു വിദ്യാർത്ഥിയുണ്ടായിരുന്നു. 51 വെട്ടേറ്റ് കൊല്ലപ്പെട്ട തന്റെ പിതാവ് ടി.പി. ചന്ദ്രശേഖരന്റെ മൃതദേഹം കെട്ടിപ്പിടിച്ച് കരഞ്ഞവൻ. പട്ടുവം അരിയിലിൽ ഷുക്കൂറിന്റെ മാതാവ് ആത്തിക്കയുടെ കണ്ണീര് ഇനിയും ഉണങ്ങിയിട്ടില്ല. എസ്.എഫ്.ഐ നേതൃനിരയിൽ കുതിച്ചുയർന്ന സുധീഷിന്റെ വെട്ടിനുറുക്കപ്പെട്ട ശരീരത്തിൽ വീണ് ആർത്തലച്ച് കരഞ്ഞവർ. ക്ലാസ് മുറിയിൽ തങ്ങളുടെ അധ്യാപകൻ കെ. ടി. ജയകൃഷ്ണനെ വെട്ടിനുറുക്കുന്നതിന് സാക്ഷ്യം വഹിക്കേണ്ടി വന്ന കുഞ്ഞുങ്ങളുടെ ഭീതിനിറഞ്ഞ കണ്ണുകൾ. അടുത്ത കാലത്ത് പള്ളൂരിലും മാഹിയിലുമായി കൊല്ലപ്പെട്ടവർ. മാധ്യമങ്ങൾ എഴുതി, അവരുടെ മൃതദേഹങ്ങളിൽ പുതപ്പിച്ച കൊടികൾക്കേ നിറവ്യത്യാസമുണ്ടായിരുന്നുള്ളൂ. രണ്ട് വീടുകളിലും പെയ്തിറങ്ങിയ കണ്ണീരിന് ഒരേ നിറമായിരുന്നു. ഈ കണ്ണീരുകൾ ഇനി കാണാതിരിക്കാൻ അഭിമന്യുവെന്ന പാവം കുട്ടിയുടെ രക്തസാക്ഷിത്തം സർക്കാരിനെയും പോലീസിനെയും ചിന്തിപ്പിക്കുന്നുവെങ്കിൽ അതിൽപ്പരം സുകൃതം മറ്റൊന്നില്ല.

ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് നിൽക്കണം. കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നാൽ പാർട്ടി ഓഫീസുകളിൽ പരിശോധന നടത്താൻ പോലീസിനെ അനുവദിക്കാറില്ല. അതിന് തുനിഞ്ഞ പോലീസ് ഉദ്യോഗസ്ഥരെക്കെ തിക്തഫലം അനുഭവിച്ചിട്ടുണ്ട്. ചോദ്യം ചെയ്യാൻ കസ്റ്റഡിയിലെടുക്കുന്ന പ്രതികളെ പോലീസ് സ്റ്റേഷൻ ഉപരോധിച്ച് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി ഇറക്കിക്കൊണ്ടുവന്ന എത്രയോ അനുഭവങ്ങളുണ്ട്. പാർട്ടി ഓഫീസുകളിൽ ആയുധം ശേഖരിച്ചുവെക്കുന്നുണ്ടെന്ന ആരോപണവും ശക്തമാണ്. പലതും അറിയുന്ന പോലീസ് ഇക്കാര്യത്തിലും നിസഹായരാണെന്നതാണ് സത്യം. ബോംബ് നിർമ്മാണത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ട എത്രയോ പേരുണ്ട് കണ്ണൂർ ജില്ലയിൽ. എന്നാൽ ബോംബുകളുടെ ഉറവിടത്തെ കുറിച്ചുള്ള അന്വേഷണം എങ്ങും എത്താറില്ല. പലയിടങ്ങളിൽ നിന്നും ബോംബുകളും ആയുധങ്ങളും റെയ്ഡ് നടത്തി പോലീസ് കണ്ടെത്താറുണ്ട്. അങ്ങനെ കണ്ടെത്തുന്ന സ്ഥലങ്ങളിൽ പലതും ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ കോട്ടയായിരിക്കും. എന്നാൽ അവിടെ എങ്ങനെ ആയുധശേഖരം വന്നുവെന്നതിനെ കുറിച്ച് അന്വേഷണം നടക്കാറില്ല.

രാഷ്ട്രീയ കൊലകൾക്ക് വൻതോതിൽ സാമ്പത്തിക സമാഹരണം നടക്കുന്നുണ്ടെന്നതും യാഥാർത്ഥ്യമാണ്. കൊലയാളികളുടെ കേസ് നടത്താൻ, അവരുടെ കുടുംബത്തെ സംരക്ഷിക്കാനൊക്കെ ചെലവഴിക്കുന്ന തുകഞെട്ടിപ്പിക്കുന്നതാണ്. അഭിമന്യുവിന്റെ കേസിൽ മാത്രമല്ല, എല്ലാ രാഷ്ട്രീയ കൊലക്കേസുകളിലും ഈ സാമ്പത്തിക സ്രോതസിന്റെ വേരുമുറിക്കാൻ പോലീസിന് കഴിയണം.

പോലീസിലെ ചാരൻമാരെ കുറിച്ചും അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ് കേൾക്കുന്നത്. ഏറ്റവും ഉചിതമായ തീരുമാനമാണത്. ഓരോ രാഷ്ട്രീയ കൊലക്കേസുകളിലും സുപ്രധാന വിവരങ്ങൾ, റെയ്ഡിന്റേത് ഉൾപ്പെടെ ചോർത്തി നൽകുന്ന പോലീസുകാരുണ്ടെന്നത് രഹസ്യമല്ല. അതോടൊപ്പം രാഷ്ട്രീയ കൊലകളിൽ യഥേഷ്ടം വിഹരിക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഭീകരപ്രസ്ഥാനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്താനും നടപടിയുണ്ടാകണം. ഇനിയൊരു രാഷ്ട്രീയ കൊല നടന്നാൽ പ്രതികളായവരുടെ നേതാക്കളെ വരെ അറസ്റ്റ് ചെയ്യാനുള്ള നടപടി പോലീസിന്റെ ഭാഗത്ത് നിന്ന് കേരളീയർ പ്രതീക്ഷിക്കുകയാണ്.

അഭിമന്യുവിന്റേത് കേരളത്തിലെ അവസാനത്തെ രാഷ്ട്രീയ കൊലപാതകമാകട്ടെ. ഇപ്പോൾ പോലീസ് കാണിക്കുന്ന ആർജവത്തം അതിന് വഴിവെക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതോടൊപ്പം ഓരോ രാഷ്ട്രീയ കൊലകളെയും തള്ളിപ്പറയാനുള്ള ഉത്തരവാദിത്തം രാഷ്ട്രീയ നേതാക്കൾ പ്രകടിപ്പിക്കണം. കാമ്പസ് ഫ്രണ്ടും പോപ്പുലർഫ്രണ്ടും ഇപ്പോഴും രാഷ്ട്രീയമായി ഈ ധീരത പ്രകടിപ്പിക്കാൻ തയ്യാറാകാത്തത് കൊടുംപാതകമാണ്.

# ആദ്യസെമിയിൽ നാളെ ഏറ്റുമുട്ടുന്നത് ലാറ്റിനമേരിക്കൻ 'വിരോധികൾ'


എംബാപ്പെ

റൊമേലു ലുക്കാകു

ലാറ്റിനമേരിക്കയുടെ അവസാന പ്രതിനിധികളായിരുന്ന ബ്രസീലും ഉറുഗ്വായും ക്വാർട്ടറിൽ പുറത്തായതോടെ 2006 മുതൽ യൂറോപ്പിൽ കറങ്ങുന്ന ലോക കിരീടം ഇക്കുറിയും വൻകര വിട്ടുപോകില്ല എന്നുറപ്പായി. ഉറുഗ്വായെ പരാജയപ്പെടുത്തിയ ഫ്രാൻസും ബ്രസീലിന് മടക്ക ടിക്കറ്റ് നൽകിയ ബെൽജിയവും നാളെ ആദ്യ സെമിഫൈനൽ പോരിൽ ഏറ്റുമുട്ടും. 2006ലെ ജർമ്മൻ ലോകകപ്പിന് ശേഷം ഇതാദ്യമായാണ് ലാറ്റിമേരിക്കൻ രാജ്യങ്ങൾ ഇല്ലാതെ സെമിഫൈനൽ മൽസരങ്ങൾ നടക്കുന്നത്. ബ്രസീൽ, അർന്റീന, ജർമ്മനി എന്നീ വമ്പൻ ടീമുകളിലേതെങ്കിലുമാണ് സെമിയിലെത്താത്ത ആദ്യ ലോകകപ്പ് കൂടിയാണിത്. കിരീടഫേവറിറ്റുകളെന്ന വിശേഷണമുള്ള ലാറ്റിനമേരിക്കയിലെ കരുത്തരായ ബ്രസീൽ, അർജന്റീന, ഉറുഗ്വായ് എന്നീ ടീമുകളെ പ്രീക്വാർട്ടറിലും ക്വാർട്ടറിലുമായി തോൽപ്പിച്ചാണ് ഫ്രാൻസിന്റെയും ബെൽജിയത്തിന്റെയും സെമി പ്രവേശനം. എല്ലാ പൊസിഷനിലും ഒന്നിലധികം മികച്ച താരങ്ങളുണ്ട് ഇരുടീമിനും.

ലോകകപ്പ് ചരിത്രത്തിലെ സ്വപ്ന കുതിപ്പിലാണ് ബെൽജിയം ഇപ്പോഴുള്ളത്. അവരുടെ എക്കാലത്തെയും മികച്ച ഫുട്ബോൾ തലമുറയാണ് ഇപ്പോഴത്തേത്. ചാമ്പ്യന്മാരാവാൻ ഏറ്റവും സാധ്യത കൽപ്പിച്ചിരുന്ന ബ്രസീലിനെയും അവർ മടക്കി അയച്ചു. ഈ വിജയത്തോടെ തങ്ങളുടെ ലോകകപ്പ് ചരിത്രത്തിലെ രണ്ടാം സെമിഫൈനലിനാണ് അർഹത നേടിയത്. ബ്രസീലിനെ ബെൽജിയം വീഴ്ത്തിയെങ്കിലും ആർക്കും അതൊരു അത്ഭുതമായി തോന്നിയില്ല. അത് പ്രതീക്ഷിച്ചതു പോലെയാണ് എല്ലാവരുടെയും പ്രതികരണം. ചെകുത്താൻമാർ ഇക്കുറി അത്രയും മികച്ചുനിൽക്കുന്നു. കളിച്ച ഒരു കളിയിലും അവർ പതറിയിട്ടില്ല. ജപ്പാനെതിരെ പ്രതിരോധം ഒന്നുലഞ്ഞെങ്കിലും ഒത്തിണക്കമുള്ള കളിയിലൂടെ അവർ അത് മറികടന്നു. ബ്രസീലിന് മുന്നിലെത്തിയാൽ ബെൽജിയം തോൽക്കുമെന്ന് പലരും പ്രതീക്ഷിച്ചു. എന്നാൽ ബെൽജിയത്തിന് മുന്നിൽ ബ്രസീലും തലകുനിച്ചു. കെവിൻ ഡിബ്രുയിന്റെ മനോഹര ഗോളും ഗോളി തിബൗട്ട് കുർട്ടോയിസിന്റെ തകർപ്പൻ സേവുകളും വിജയത്തിൽ നിർണ്ണായകമായി. ഹസാർഡും കോംപനിയുമൊക്കെ തങ്ങളുടെ റോൾ ഭംഗിയായി നിർവഹിച്ചതോടെ വിജയം എളുപ്പമായി. ഇനി ഫ്രാൻസാണ് എതിരാളികൾ. കരുത്തരാണ് ഫ്രാൻസ്. പക്ഷെ ബെൽജിയത്തിന് നഷ്ടപ്പെടാൻ ഒന്നുമില്ല. ഇപ്പോൾ തന്നെ ഈ ലോകകപ്പ് അവർക്ക് മികച്ചതായി. ഇനി അവർക്ക് നേടാനേ ഉള്ളൂ.

ക്വാർട്ടറിൽ ഉറുഗ്വായെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഫ്രഞ്ച് കുതിപ്പ്. നേരത്തെ പ്രീക്വാർട്ടറിൽ ലാറ്റിനമേരിക്കയിലെ മറ്റൊരു വമ്പൻമാരായ അർജന്റീനയുടെ ചിറകരിഞ്ഞതും ഫ്രഞ്ച് പടയാണ്.

സ്റ്റാർ സ്ട്രൈക്കർ എഡിസൺ കവാനിയുടെ അഭാവത്തിൽ ബൂട്ട് കെട്ടിയ ഉറുഗ്വായെ റാഫേൽ വരാനെ, ആന്റോണിയോ ഗ്രീസ്മാൻ എന്നിവരുടെ ഗോളുകളിൽ ആണ് ഫ്രാൻസ് തോൽപ്പിച്ചത്. ഉറുഗ്വായെ ലോകകപ്പിൽ ഇതുവരെ വീഴ്ത്തിയിട്ടില്ലെന്ന മാനക്കേടും അവർ മായ്ച്ചുകളഞ്ഞു. ഈ വിജയത്തോടെ ഒരു ലോകകപ്പിൽ മൂന്ന് ലാറ്റിനമേരിക്കൻ രാജ്യങ്ങളെ കീഴടക്കുന്ന രണ്ടാമത്തെ ടീമുമായി. മുമ്പ് ഹോളണ്ടും സമാന നേട്ടം കൈവരിച്ചിരുന്നു. അർജന്റീനയെയും ഉറുഗ്വായെയും കൂടാതെ ഗ്രൂപ്പ് ഘട്ടത്തിൽ പെറുവും ഫ്രാൻസിന് മുന്നിൽ മുട്ടുമടക്കിയിരുന്നു. മികച്ച ഒരുപിടി യുവതാരങ്ങളെ ഒരേസമയം കളത്തിലിറക്കാൻ പറ്റുമെന്നത് കോച്ച് ദിദിയെ ദെഷാംപ്സിന് അനുഗ്രമാണ്. പ്രതിരോധ താരങ്ങളടക്കം ഗോൾ കണ്ടെത്തുന്നതും ടീമിന് ഗുണകരമാണ്. എംബാപ്പ, ഗ്രീസ്മാൻ, പോഗ്ബ, കാന്റെ തുടങ്ങിയവരണിനിരക്കുന്ന ഫ്രാൻസിനെ പൂട്ടാൻ വിൻസെന്റ് കോംപനിയും സംഘവും പുതുതന്ത്രങ്ങൾ മെനയേണ്ടിവരും.

*മികച്ച വിജയം നേടിയ വിദ്യാർത്ഥികൾ കണ്ണൂർ പ്രസ് ക്ലബിന്റെ അനുമോദന ചടങ്ങിൽ മന്ത്രി കെ.രാജുവിനും ഭാരവാഹികൾക്കുമൊപ്പം*

## മാധ്യമങ്ങൾ ജനാധിപത്യത്തെ അർത്ഥപൂർണമാക്കുന്നു: മന്ത്രി കെ രാജു

കണ്ണൂർ: ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയുണ്ടെങ്കിലും മാധ്യമങ്ങളാണ് ജനാധിപത്യത്തെ അർത്ഥപൂർണമാക്കുന്നതെന്ന് വനം-ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ രാജു പറഞ്ഞു. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ മാധ്യമപ്രവർത്തകരുടെ മക്കൾക്ക് കണ്ണൂർ പ്രസ്ക്ലബ് ഏർപ്പെടുത്തിയ അനുമോദന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വാർത്തകൾ ജനങ്ങളിൽ എത്തിക്കുകയെന്ന ഉത്തരവാദിത്തം നിറവേറ്റുമ്പോൾ തന്നെ സത്യസന്ധമായ വിവരങ്ങൾ അറിയുക എന്നത് പൗരന്റെ കടമയാണെന്ന് മാധ്യമങ്ങൾ മറന്നുകൂടാ. പല വാർത്തകൾക്കും പിന്നിൽ പലവിധ താൽപര്യങ്ങൾ കാണാം. മാധ്യമ മാനേജ്മെന്റുകളുടെ താൽപര്യങ്ങളും വാർത്തയിൽ കലരുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു. അനാമിക പി അഭിജിത്ത്, ഗൗതം കൃഷ്ണ, മനു സി കുര്യാച്ചൻ, എ വി സിദ്ധാർഥ്, എൻ ജെ അഭിഷേക്, പി കൃഷ്ണേന്ദു, മെറിൻ ജോർജ്, ശരത് സി കുര്യാച്ചൻ എന്നിവർക്ക് കാഷ് അവാർഡും മെമെന്റോയും മന്ത്രി സമ്മാനിച്ചു. പ്രസ്ക്ലബ് വൈസ് പ്രസിഡന്റ് കെ ശശി അധ്യക്ഷനായി. സെക്രട്ടറി പ്രശാന്ത് പുത്തലത്ത് സ്വാഗതവും, ട്രഷറർ സിജി ഉലഹന്നാൻ നന്ദിയും പറഞ്ഞു.

## അവൾക്കൊപ്പം കൂട്ടായ്മ 13ന്

കണ്ണൂർ: സിനിമാ രംഗത്തെ സംഘടനയായ അമ്മയുടെ സ്ത്രീവിരുദ്ധ നിലപാടിൽ പ്രതിഷേധിച്ച് കണ്ണൂരിൽ സാംസ്കാരിക കൂട്ടായ്മ 'അവൾക്കൊപ്പം' സംഘടിപ്പിക്കും. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ വിവിധ സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെ 13നാണ് കൂട്ടായ്മ. വൈകീട്ട് അഞ്ചിന് ജില്ലാ ലൈബ്രറി ഹാളിൽ നടക്കുന്ന പരിപാടിയിൽ പ്രമുഖ സിനിമാ സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കും.

*കെ.കരുണാകരൻ ജന്മശതാബ്ദിയോടനുബന്ധിച്ച് തളിപ്പറമ്പ് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പുഷ്പാർച്ചന*

## കരുണാകരൻ അനുസ്മരണം നടത്തി

പട്ടുവം: പട്ടുവം മണ്ഡലം കർഷക കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കെ. കരുണാകരൻ അനുസ്മരണം സംഘടിപ്പിച്ചു. കർഷക കോൺഗ്രസ് തളിപ്പറമ്പ് ബ്ലോക്ക് വൈസ് പ്രസിഡണ്ട് ടി. നാരായണൻ നമ്പ്യാർ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് കരേപ്പാത്ത് ഗോവിന്ദൻ അധ്യക്ഷത വഹിച്ചു. അരിയിൽ കൃഷ്ണൻ, അഹമ്മദ് അപ്പക്കൻ, ഒ. രമേശൻ, എം.കെ. ഇസ്മായിൽ, എം. നാരായണൻ സംസാരിച്ചു.

## കരുവഞ്ചാൽ ടൗൺ ലയൺസ് ക്ലബ് ഭാരവാഹികളുടെ സ്ഥാനാരോഹണം 11ന്

ആലക്കോട്: കരുവഞ്ചാൽ ടൗൺ ലയൺസ് ക്ലബിന്റെ 2018-19 വർഷത്തെ ഭാരവാഹികളുടെ സ്ഥാനാരോഹണം 11ന് വൈകുന്നേരം 6.30ന് കരുവഞ്ചാൽ ഹോട്ടൽ എലഗൻസിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. വി.പി.സുരേന്ദ്രൻ (പ്രസിഡണ്ട്), ടി.ആർ.കൃഷ്ണൻകുട്ടി (സെക്രട്ടറി), മുഹമ്മദ് നവാസ് (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളാണ് സ്ഥാനമേൽക്കുന്നത്. പ്രസിഡണ്ട് സാബു ചാണാക്കാട്ടിലിന്റെ അധ്യക്ഷതയിൽ ലയൺസ് ക്ലബ് സെക്കന്റ് ഡിസ്ട്രിക്ട് ഗവർണ്ണർ ഡോ.ഒ.വി.സനൽ ഉദ്ഘാടനം ചെയ്യും. ഷാജി ജോസഫ്, എം.ബാലകൃഷ്ണൻ, ചാക്കോ സി.ജോസഫ്, വി.പി.സുരേന്ദ്രൻ, സാബു കാക്കനാട്ട്, മനീഷ രാജേഷ്, സിജി തോമസ് പ്രസംഗിക്കും. പ്രോഗ്രാം ഡയറക്ടർ ജോഷി തെക്കേക്കൊട്ടാരം സ്വാഗതവും ടി.ആർ.കൃഷ്ണൻകുട്ടി നന്ദിയും പറയും.

*മഹാരാജാസ് കോളേജ് സംഭവത്തിന്റെ മറവിലുള്ള പോലീസ് തേർവാഴ്ച അവസാനിപ്പിക്കുക എന്നാവശ്യപ്പെട്ട് എസ്.ഡി.പി.ഐ ജില്ലാ കമ്മിറ്റി കണ്ണൂരിൽ നടത്തിയ പ്രതിഷേധം.*

## പോലീസ് തേർവാഴ്ചക്കെതിരെ എസ്.ഡി.പി.ഐ പ്രതിഷേധം

കണ്ണൂർ: എറണാകുളം മഹാരാജാസ് കോളജിൽ എസ്.എഫ്.ഐ നേതാവ് കുത്തേറ്റു മരിച്ച സംഭവത്തിന്റെ മറവിൽ സംസ്ഥാന വ്യാപകമായി പ്രവർത്തകരെ വേട്ടയാടുന്ന പോലീസ് തേർവാഴ്ചയ്ക്കെതിരേ എസ്.ഡി.പി.ഐ പ്രകടനം നടത്തി. സംസ്ഥാന സെക്രട്ടറി കെ. കെ. അബ്ദുൽ ജബ്ബാർ, ബഷീർ പൂന്നാട്, ജില്ലാ പ്രസിഡണ്ട് ബഷീർ കണ്ണാടിപ്പറമ്പ്, സി.കെ. ഉമർ മാസ്റ്റർ, കെ. ഇബ്രാഹിം, സജീർ കീച്ചേരി, ബി. പി. അബ്ദുല്ല, ബി. ശംസുദ്ദീൻ മൗലവി നേതൃത്വം നൽകി.

## വിദേശ തൊഴിൽ വായ്പാ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ സംസ്ഥാന പട്ടിക ജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന വിദേശ തൊഴിൽ വായ്പാ പദ്ധതിയിൽ വായ്പ നൽകുന്നതിന് അർഹതയുള്ള പട്ടിക ജാതി യുവതി യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകർ പട്ടിക ജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും ഏതെങ്കിലും വിദേശരാജ്യത്തെ അംഗീകൃത തൊഴിൽദാതാവിൽ നിന്നും തൊഴിൽനൽകുന്നതിന് ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം. കൂടാതെ 18 വയസ്സുമുതൽ 55 വയസ്സുവരെ പ്രായപരിധിയിൽപ്പെട്ടവരും കുടുംബ വാർഷിക വരുമാനം 3,50,000/ രൂപ അധികരിക്കാനും പാടില്ല. പദ്ധതിയുടെ പരമാവധി വായ്പാ തുക 2 ലക്ഷം രൂപയും, അതിൽ 1 ലക്ഷം രൂപ വരെ സബ്സിഡിയുമാണ്.

തിരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ/വസ്തു ജാമ്യം ഹാജരാക്കണം. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കുമായി കോർപ്പറേഷന്റെ കണ്ണൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0497 2705036

*തടിക്കടവ് ഗവ. ഹൈസ്കൂൾ പരിസ്ഥിതി ക്ലബ് പുഴ സംരക്ഷണ പ്രവർത്തനം പഞ്ചായത്ത് പ്രസിഡണ്ട് മൈമൂനത്ത് ഉദ്ഘാടനം ചെയ്യുന്നു*

## പുഴ സംരക്ഷണത്തിന് കൈകോർത്ത് വിദ്യാർത്ഥികൾ

ആലക്കോട്: തടിക്കടവ് ഗവ. ഹൈസ്കൂൾ പരിസ്ഥിതി ക്ലബിന്റെയും ചപ്പാരപ്പടവ് പഞ്ചായത്ത് ബി.എം.സിയുടെയും ആഭിമുഖ്യത്തിൽ വിദ്യാർത്ഥി കൂട്ടായ്മയിൽ പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

കരയിടിച്ചൽ ഭീഷണി നേരിടുന്ന പുഴയുടെ വിവിധ ഭാഗങ്ങളിലായി തഴ, ഓട, മരത്തൈകൾ എന്നിവ നട്ടുപിടിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് എം.മൈമൂനത്ത് ഉദ്ഘാടനം ചെയ്തു. മനു തോമസ് അധ്യക്ഷത വഹിച്ചു. പി.കെ.സത്യൻ, കെ.സി.ലക്ഷ്മണൻ, കെ.വി.ഹരിദാസ്, എ.എസ്.ബിജു പ്രസംഗിച്ചു. ടി.വി.വിജയകൃഷ്ണൻ സ്വാഗതവും കെ.ജെ.ജോസഫ് നന്ദിയും പറഞ്ഞു.

*ആലക്കോട് എൻ.എസ്.എസ് സ്കൂളിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണത്തിൽ ഒത്തുചേർന്ന കഥാപാത്രങ്ങൾ.*

## വാകമരത്തണലിൽ ബഷീർ കഥാപാത്രങ്ങൾ പുനർജനിച്ചു

ആലക്കോട്: വിശ്വസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണത്തോടുബന്ധിച്ച് ആലക്കോട് എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച അനുസ്മരണ പരിപാടികൾ ശ്രദ്ധേയമായി. സ്കൂൾ മൈതാനത്തെ വാകമരത്തിന്റെ ചുവട്ടിൽ ബഷീറിന്റെ കഥകളിലെ പാത്തുമ്മയും ആടും, സുഹറയും മജീദും കൂട്ടുകാരുമെല്ലാം കഥാപാത്രങ്ങളായി പുനർജനിച്ചത് വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി. വിദ്യാർത്ഥികൾക്കൊപ്പം രക്ഷിതാക്കളും കഥകളുടെ സുൽത്താന്റെ അനശ്വര കഥാപാത്രങ്ങളായി വേഷമിട്ടു. ബഷീറായി ജോർജ്, പാത്തുമ്മയായി മുഹ്ബിന, ഉമ്മയായി റോസിലി, മജീദും സുഹ്റയുമായി അർജുൻ, നിതാ ഫാത്തിമ എന്നിവരാണ് അരങ്ങിലെത്തിയത്. നടുവിൽ ഹൈസ്കൂൾ അധ്യാപകൻ ആൽബിൻ ജോർജ് ബഷീർ അനുസ്മരണം ഉദ്ഘാടനം ചെയ്തു. സി.ജി. കല, പി.ടി. സുരേഷ് ബാബു, ബിനീഷ് കൈമൾ പ്രസം